**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 858**

**28.09.2011 ൽ മറുപടിയ്ക്ക്.**

# ആദിവാസി ഊരുകളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതിന് മുൻകരുതൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ കോളറ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ പടർന്നു പിടിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷകാലത്ത് എത്ര ആദിവാസികൾ മരണപ്പെടുകയുണ്ടായി; | (എ) ഉണ്ട്; സംസ്ഥാനത്തെ ചില പട്ടികവർഗ്ഗ കോളനികളിൽ കോളറ പിടിപെട്ടിരുന്നു. വയനാട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ കോളനികളിലാണ് കോളറ, മഞ്ഞനോവ് എന്നീ രോഗങ്ങൾ പിടിപെട്ടത്. പകർച്ചവ്യാധി കാരണം 5 പേർ മരണപ്പെടുകയുണ്ടായി. |
| (ബി) വർഷകാലം ആരംഭിക്കുന്നതിന് മുമ്പായി രോഗങ്ങൾ പടരാതിരിക്കാൻ ആദിവാസി ഊരുകളിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം അന്വേഷിക്കുകയുണ്ടായോ? | (ബി) പകർച്ചവ്യാധികൾ പിടിപെട്ട കോളനികളിൽ മെഡിക്കൽ സംഘങ്ങൾ സന്ദർശനം നടത്തി മരുന്നു വിതരണം നൽകുകയും രോഗലക്ഷണങ്ങൾ കണ്ടവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിക്കുകയും, കോളനികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ആയുർവേദ വകുപ്പ്/ ഹോമിയോ വകുപ്പ്/ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ